# ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
# ജലസേചനവും ഭരണവും,
# തിരുവനന്തപുരം

നം.**CEIA/4591/2026-C5** തീയതി : **21-07-2026**

## പരിപത്രം

വിഷയം:- ജലസേചനം - ജീവനക്കാര്യം - ചാർജ്ജ് ക്രമീകരണങ്ങൾ നടത്തുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- **23.03.2026** ലെ എ**1/191/2025**/ജവിവ സർക്കാർ കത്ത്.

വകുപ്പിലെ ജീവനക്കാർക്ക് ചാർജ്ജ് അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച് മേൽ സൂചന പ്രകാരം സർക്കാർ ചുവടെ പറയും പ്രകാരം പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്.

**അഡീഷണൽ ചാർജ്ജ് അനുവദിക്കേണ്ടത് appointing / competent അതോറിറ്റി ആണെന്നിരിക്കെ അടിയന്തര പ്രാധാന്യത്തിൽ അനുവദിക്കുന്ന ചാർജ്ജ് ക്രമീകരണങ്ങളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി സർക്കാരിൽ അറിയിച്ചു സാധൂകരിക്കേണ്ടതാണ്. ആയതിനാൽ ഇനിമുതൽ അധിക ചുമതല അനുവദിച്ചുനൽകുന്ന നടപടിക്രമങ്ങൾ ആത് അനുവദിച്ചു നൽകേണ്ടിവന്ന അടിയന്തര സാഹചര്യം വ്യക്തമായ ശിപാർശയോട് കൂടി സർക്കാരിൽ ഹാജരാക്കി സാധൂകരണം വാങ്ങിയ ശേഷം മാത്രം ചാർജ്ജ് അലവൻസിനുള്ള ശിപാർശ സമർപ്പിക്കേണ്ടതും അധിക ചുമതല അനുവദിക്കുന്ന നടപടിക്രമങ്ങൾ specific ആയിരിക്കേണ്ടതുമാണ്.**

വകുപ്പിലെ ജീവനക്കാർക്ക് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനായി ചാർജ്ജ് ക്രമീകരണങ്ങൾ നടത്തുമ്പോൾ സർക്കാർ നൽകിയ മേൽ നിർദ്ദേശം പാലിക്കേണ്ടതാണ്.

Digitally signed by
G Unnikrishnan
Date: 22-07-2026
10:28:45

**ADMINISTRATIVE ASSISTANT**

**O/O DCE(ADMIN) CEI&A IRRN**

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും, സൂപ്രണ്ടിങ് എഞ്ചിനീയർമാക്കും, നിയന്ത്രണാധികാരികൾക്കും/ കാര്യാലയമേധാവിമാർക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, **IT Cell**, വകുപ്പിലെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.